# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വയലാർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-2/741/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വയലാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വയലാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വയലാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-2/741/2021 തീയ്യതി: 24/09/2021

## ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എസ്.എൽസമ്മ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.പുഷ്പരാജ്.വി.കെ.അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജാക്വിലിൻ. പി.ഡബ്ല്യൂ.സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ലേഖ.പി.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എസ്.വി.ബാബു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലത.എ),മേനോൻ | സെക്രട്ടറി | 01-04-2019 | 15-07-2019 |
| സലിം.കെ.എച്ച് | സെക്രട്ടറി | 16-07-2019 | 22-07-2019 |
| പി.രാധാകൃഷ്ണകുറുപ്പ്, | അസി.സെക്രട്ടറി(ചാർജ്ജ്) | 23-07-2019 | 04-08-2019 |
| ശ്രീദേവികെ.ജി. | സെക്രട്ടറി | 05-08-2019 | 31-03-2020 |
| കൃഷ്ണപ്രിയ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ശ്രീദേവി.കെ.എസ്. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 05-06-2019 |
| ഡോ.ഉമാദേവി.വി.എൻ. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 06-06-2019 | 31-03-2020 |
| ലൈല.വി.സി | പ്രധാന അദ്ധ്യാപിക | 01-04-2019 | 31-03-2020 |
| ഉഷ.ആർ. | അസി..എൻജിനീയർ | 01-04-2019 | 18-07-2019 |
| മായാദേവിപി.ആർ | അസി..എൻജിനീയർ | 19-07-2019 | 31-03-2020 |
| രശ്മി.കെ.പിള്ള | വി.ഇ.ഓ.(ഒളതല) | 01-04-2019 | 31-03-2020 |
| സുജാത.ആർ | ഡയറി ഫാംഇൻസ്ട്രക്ടർ | 01-04-2019 | 26-08-2019 |
| ആഷാ.ബി | ഡയറി ഫാംഇൻസ്ട്രക്ടർ | 27-08-2019 | 31-03-2020 |
| പി.രാധാകൃഷ്ണകുറുപ്പ് | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ജയകല.പി.വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.ഹേമ ട്രീസ മാത്യു | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.പ്രസീമോൾ.സി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ജോസഫ്.റ്റി.വി | വി.ഇ.ഓ.(വയലാർ) | 01-04-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Elsamma (Audit Officer, On 26-07-2021)<br>Last Updated By: Elsamma (Audit Officer, On 26-07-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Elsamma (Audit Officer, On 26-07-2021)<br>Last Updated By: Elsamma (Audit Officer, On 06-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Elsamma (Audit Officer, On 26-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Elsamma (Audit Officer, On 26-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Lekha (Auditor, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Elsamma (Audit Officer, On 06-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Elsamma (Audit Officer, On 26-07-2021)<br>Last Updated By: Elsamma (Audit Officer, On 06-09-2021) | 1-10 |
| 11 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Lekha (Auditor, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-11 |
| 12 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല<br>Written By: Lekha (Auditor, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-12 |
| 13 | ഗാർഹിക കുടിവെള്ള കണക്ഷൻ -അധികം തുക നൽകി<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Elsamma (Audit Officer, On 07-09-2021) | 1-13 |
| 14 | വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-14 |
| 15 | ലൈഫ് മിഷൻ ഭവന നിർമ്മാണം -അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 27-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-15 |
| 16 | കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 27-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-16 |
| 17 | വീട് മെയിന്റനൻസ് പൂർത്തിയാക്കിയിട്ടില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 27-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-17 |
| 18 | പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് മരുന്ന് പൂർണ്ണമായും | 1-18 |

| | | |
|---|---|---|
| | ലഭിച്ചിട്ടില്ല<br>Written By: Lekha (Auditor, On 27-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | |
| 19 | ഹോമിയോ ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിനു മരുന്ന് പൂർണ്ണമായും ലഭ്യമായില്ല<br>Written By: Lekha (Auditor, On 27-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-19 |
| 20 | വാടകയിനത്തിലെ ചെലവ്<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-20 |
| 21 | യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-21 |
| 22 | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്- ക്ലബ്ബുകളുടെ ആവശ്യത്തിനും സാധ്യതയ്ക്കും അനുസരിച്ചുള്ള സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നല്കുന്നില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 07-09-2021) | 1-22 |
| 23 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം 2019-20-വികസന ഫണ്ടിൽ തുക ഉണ്ടായിരിക്കെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു<br>Written By: Pushparaj V.K (Asst. Audit Officer, On 29-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | അധികം തുക നൽകി<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Elsamma (Audit Officer, On 07-09-2021) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ട്<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 28-07-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 24-08-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 28-07-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 28-07-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Elsamma (Audit Officer, On 28-07-2021)<br>Last Updated By: Elsamma (Audit Officer, On 28-07-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Elsamma (Audit Officer, On 27-07-2021)<br>Last Updated By: Elsamma (Audit Officer, On 08-09-2021) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Elsamma (Audit Officer, On 27-07-2021) | 4-9. |

| | |
|---|---|
| | Last Updated By: Elsamma (Audit Officer, On 07-09-2021) |
| **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ 2019-20 വർഷത്തെ ബജറ്റ് 20/02/2019 തീയതിയിലെ (1) തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 203518281 | 196204051 |
| വാർഷികകണക്ക് പ്രകാരം | 87275599 | 92180918 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 01.06.2020 | ഇല്ല | ---- |

<u>വാർഷിക കണക്കുകളിലെ അപാകതകൾ</u>

1.കോർപ്പറേഷൻ ബാങ്ക്/യൂണിയൻ ബാങ്ക് എന്ന അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Issued But Not Presented Into Bank എന്നതിനു കീഴെ കാലാവധി കഴിഞ്ഞ ചെക്കുകൾ ഉൾപ്പെടുത്തിയിരിക്കുന്നു.

ചെക്ക് നം.210795 തീ. 24.12.2019 -Rs.2000

ചെക്ക് നം.210780 തീ. 04.06.2019 -Rs.2000

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ചെക്കിന്റെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ഇതു കൂടാതെ ഈ അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank എന്നതിനു കീഴെ ബാങ്ക് ചാർജ് ഇനത്തിൽ 27.12.2019-ൽ ഈടാക്കിയ 191/- രൂപയും ഉൾപ്പെട്ടു വന്നിരിക്കുന്നു. യഥാസമയം ബാങ്ക് പാസ്ബുക്ക് പതിച്ച് വാങ്ങി റിക്കൺസിലിയേഷൻ നടപടികൾ നടത്താതിരുന്നതു കൊണ്ടാണ് 3 മാസം മുൻപുള്ള തുകകളും റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടു വരുന്നത്.

2.യൂണിയൻ ബാങ്ക്-ടോട്ടൽ സാനിറ്റേഷൻ എന്ന അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2020-ലെ ബാങ്ക് സ്റ്റേറ്റ്മെന്റിലെ ബാലൻസ് 73/- രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഈ അക്കൗണ്ടിൽ 77/-രൂപ ബാലൻസുള്ളതായി കാണുന്നു. വ്യത്യാസത്തിന്റെ കാരണം റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ വിശദീകരിച്ചിട്ടില്ല.

3.പെർമിറ്റ് സംബന്ധിച്ച രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

4.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ കൃത്യത പരിശോധിക്കാനായില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22502805 |
| വരവ് | 87275599 |
| ആകെ | 109778404 |
| ചെലവ് | 92180918 |
| നീക്കിയിരിപ്പ് | 17597486 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18999000 | 18999000 | 13535856 | 5463144 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7209000 | 7209000 | 5536988 | 1672012 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 191000 | 191000 | 134917 | 56083 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 1807000 | 1807000 | 609124 | 1197876 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5022000 | 5022000 | 3763067 | 1258933 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 11448822 | 11448822 | 5505368 | 5943454 |

1. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറലിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് (2905360) കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് ഈ തുക കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 16093640 | 16093640 | 13535856 | 2557784 |
| യഥാർത്ഥ തുക | 0 | 18999000 | 18999000 | 13535856 | 5463144 |

2.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് എസ്.സി.പി വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (338235) കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് ഈ തുക കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 6870765 | 6870765 | 5536988 | 1333777 |
| യഥാർത്ഥ തുക | 0 | 7209000 | 7209000 | 5536988 | 1672012 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 163926867 | 115 | 74039911 | 0 | 57 | 66.86 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 179960 | 1203159 | 1383119 | 996884 | 386235 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 35564139 | 35564139 | 35564139 | - |
| ആകെ | 179960 | 36767298 | 36947258 | 36561023 | 386235 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 371160 | 198 |
| കർഷകതൊഴിലാളി പെൻഷൻ | 868800 | 164 |
| വിധവാപെൻഷൻ | 3741900 | 698 |
| വാർദ്ധക്യകാലപെൻഷൻ | 12617700 | 2847 |
| വികലാംഗപെൻഷൻ | 1789400 | 314 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 548400 | 107 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13/07/2021 തീയതിയിൽ 12.50 P.M ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 29100/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തിയിൻമേൽ വിലയിരുത്തൽ നടത്തുന്നതായി രേഖയില്ല. മിക്ക പദ്ധതി നിർവ്വഹണ ഫയലുകൾക്കൊപ്പവും മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല, ഉള്ളവ അപൂർണ്ണമാണ്.
2. പഞ്ചായത്തുകമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്ക പ്പെടുന്നതായി മിനിട്സിൽ രേഖയില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല.
3. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട്.
4. റോഡ് രജിസ്റ്ററും, റോഡ് കണക്റ്റിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.
5. ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ മാന്വലായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
6. ഫയലുകളിൽ പൊതുവെ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.
7. സ്റ്റോക്ക് രജിസ്റ്ററുകൾ മുൻവർഷ നീക്കിയിരുപ്പുകൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.
8. ഭീമമായ തുക വാടക നൽകി പ്രവർത്തിക്കുന്ന ഗവ.ഐടിഐ, ഹോമിയോ ആശുപത്രി എന്നിവ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു സ്ഥിരം സംവിധാനത്തിലേക്ക് മാറ്റി പ്രവർത്തനം നടത്തുന്നതിനുള്ള പദ്ധതികളൊന്നും നിലവിൽ ആവിഷ്ക്കരിച്ചിട്ടില്ല. ഓരോ വർഷവും വൻതുക തനതുഫണ്ടിൽനിന്നും ചെലവഴിക്കപ്പെടുന്നതിന് ഇത് കാരണമാകുന്നു.
9. നിലവിലുള്ള സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി, തനതുഫണ്ടിന് ഒന്നിലധികം അക്കൗണ്ടുകൾ സൂക്ഷിച്ചിരിക്കുന്നു.
10. 1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ 2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും ഫെബ്രുവരി 20 മാസത്തിൽ ഒരു പ്രാവശ്യം മാത്രമാണ് ക്വാറം തികയാതെ ഗ്രാമസഭ ചേർന്നിട്ടുള്ളത് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ കൂടേണ്ടതും ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിലേക്ക് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.02.2021 | ജനുവരി 2021 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.05.2018 | 2013-14 - 2017-18 | 11.07.2018 |

## 1-11 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3 പട്ടിക 1 പ്രകാരം പാൽ സൊസൈറ്റികൾ (പട്ടിക ക്രമ നം -132), റേഷൻ ഡിപ്പോകൾ (ക്രമ നം -149), അബ്കാരി ഷോപ്പുകൾ (ക്രമ നം -139) എന്നീ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസ് എടുത്തുകൊണ്ട് പ്രവർത്തിക്കേണ്ടവയാണ്. പഞ്ചായത്തിലെ ലൈസൻസ് സംബന്ധിച്ച ഫയലുകളും രജിസ്ററുകളും

പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

1) ഉഴുവ ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 218 ഡി

2) വയലാർ ഈസ്റ്റ് ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 172 ഡി

3) കാമധേനു ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 288 ഡി

4) പഞ്ചായത്തിലെ റേഷൻ ഡിപ്പോകൾ

5) അബ്കാരി ഷോപ്പുകൾ (കള്ള് ഷാപ്പ്)

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം17/27.7.21) മറുപടി പ്രകാരം ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233 (എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

## 1-12 തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളെ ഡിമാന്റിൽ ഉൾപ്പെടുത്തുകയോ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയതായോ കാണുന്നില്ല.

1) ഉഴുവ ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 218 ഡി

2) വയലാർ ഈസ്റ്റ് ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 172 ഡി

3) ഒളതല സെൻട്രൽ ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 292

4) കാമധേനു ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 288 ഡി

5) പഞ്ചായത്തിലെ റേഷൻ ഡിപ്പോകളിലെ ജീവനക്കാർ

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (16/27.7.2021) നൽകിയതിന് ലഭ്യമാക്കിയ മറുപടി പ്രകാരം തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഒടുക്കുവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ഗാർഹിക കുടിവെള്ള കണക്ഷൻ -അധികം തുക നൽകി

പ്രോജക്ട് നം -186/19-20

വികസനഫണ്ട് (SCP) - 4,00,000/-

നിർവ്വഹണോദ്യോഗസ്ഥൻ-അസി.സെക്രട്ടറി

ചെലവ് - 77,000/-

(28000/- ബിൽ നം.13/19-20/30.1.20

14000/- -ടി- 18/19-20/28.2.20

28000/- -ടി- 24/19-20/19.3.20

7000/- -ടി- 25/19-20/19.3.20)

അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് ധനസഹായം നൽകുന്നതിനായി 77,000/- രൂപ ( 11x7000) ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരുന്നു. ടി പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയെക്കാൾ അധികം തുക നൽകി.

| ഗുണഭോക്താവിന്റെ പേര് | എസ്റ്റിമേറ്റ് പ്രകാരമുള്ള ചെലവായ തുക | അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക | അധികം നൽകിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| നാരായണി,കൊച്ചുതറ | 6,500 | 7,000 | 500 |
| സുശീല,മാടവനവീട്ടിൽ | 6,750 | 7,000 | 250 |
| കുഞ്ഞുമോൻ,നീതുഭവനം | 6,300 | 7,000 | 700 |
| അശോകൻ,പീടികത്തറ | 6,300 | 7,000 | 700 |
| **ആകെ** | | | 2,150 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 2,150/- രൂപ നിരാകരിക്കുന്നു. ടി തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-14 വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല

സെക്രട്ടറി തൻവർഷം നടപ്പാക്കിയ താഴെപറയുന്ന പ്രോജക്ടുകൾ പ്രകാരം സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | പ്രോജക്ടിന്റെ പേര് | നൽകിയ തുക | ബിൽ നം |
|---|---|---|---|
| 1 | ഐ.കെ.എം – വിഹിതം നൽകൽ (പ്രോ.നം 7/2019-20) | 82,293/- | 9/27.7.2 |
| 2 | തുറവൂർ ഡയാലിസിസ് യൂണിറ്റിനു തുക നൽകൽ (പ്രോ.നം 96/2019) | 1,20,000/- | 11/24.8.19<br>35/25.1.20<br>34/25.1.20 |
| 3 | സാമൂഹ്യ സുരക്ഷാ മിഷൻ – വയോമിത്രം(പ്രോ.നം 08/2019) | 2,00,000/- | 8/9.8.19 |
| | ആകെ | 4,02,293 | |

വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8 തീയതി 20-07-2021) മറുപടി ലഭ്യമാക്കാത്തതിനാൽ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-15 ലൈഫ് മിഷൻ ഭവന നിർമ്മാണം -അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല

ഭവനരഹിതർക്ക് വീട് എന്ന ലക്ഷ്യം പൂർത്തീകരിക്കാനായി ആവിഷ്കരിച്ച് വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവനപദ്ധതിയുടെ (പ്രൊജക്ട് നം. 57/19)ഗുണഭോക്താതാവായ ഐഷ പൊന്നപ്പൻ, പുത്തൻ നികർത്ത് എന്നയാൾക്ക് ചെക്ക് നം - 3060754/17.03.20 പ്രകാരം 40,000/- രൂപ (സ്റ്റേറ്റ് ഷെയർ) നൽകിയെങ്കിലും ഭവന നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ പോലും ആരംഭിച്ചിട്ടില്ല. ലൈഫ് മിഷൻ മുഖേന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീ.16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (13/25.07.21) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവിനെ കൊണ്ട് പണി ആരംഭിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന് അറിയിച്ചു. തുക കൈപ്പറ്റി നാളിതുവരെയായിട്ടും നിർമ്മാണം ആരംഭിക്കാത്തതിനാൽ 40000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്താവിനെക്കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം - S0031/20
അടങ്കൽ - 312500/-രൂപ ( വികസന ഫണ്ട് )
സംസ്ഥാനാവിഷ്കൃത ഫണ്ട് അടങ്കൽ - 312500/-
മറ്റുള്ളവ - 625000/-
ബിൽ നം - 5/20 തീയതി - 26/2/20 തുക - 312500/-

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കന്നുകുട്ടി പരിപാലന പദ്ധതി എന്ന പ്രോജക്ട് പ്രകാരം 312500/-രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രം ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരം ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല , പ്രസ്തുത വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട്

നൽകിയ എൻക്വയറിക്ക് (നം.1/14.07.21) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-17 വീട് മെയിന്റനൻസ് പൂർത്തിയാക്കിയിട്ടില്ല

വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനായി വിഭാവനം ചെയ്ത വീട് മെയിന്റനൻസിന്റെ പ്രോജക്ടിലുൾപ്പെടുത്തി ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന വ്യക്തികൾ പണി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയില്ല. ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ 40000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (എൻക്വയറി നം.14/25.07.21). പണി പൂർത്തീകരിക്കാനുള്ള തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ,<br>പേര് അടങ്കൽ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | നൽകിയ തുക |
|---|---|---|---|
| പ്രോജക്ട് നം - S0062/20<br>അടങ്കൽ - 1097765/-രൂപ<br>(വികസന ഫണ്ട്)<br>തനത് ഫണ്ട് - 502235 | പ്രസന്ന. കെ. റ്റി,<br>കാരിക്കാശ്ശേരിൽ | ബിൽ നം - 17/19-20<br>തീയതി - 24/9/19 | 25000 |
| S0028/20<br>അടങ്കൽ - 360000/-രൂപ<br>(വികസന ഫണ്ട്)<br>375000/-തനത് ഫണ്ട് | സരസമ്മ പനച്ചിക്കൽ | ബിൽ നം - 19/19-20<br>തീയതി - 27/9/19 | 15000/- |
| ആകെ | | | 40000 |

## 1-18 പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

പ്രോജക്ട് നം -S0021/19-20
അടങ്കൽ-450000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)
ചെലവ് -450000/-
ബിൽ നം -6/19-20 തീ.29.7.2019-- 400000/-

ബിൽ നം -14/19--20 തീ.12.11.2019--50000/-

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പിലാക്കിയ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് മരുന്ന്, ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ടിൽ ഉൾപ്പെടുത്തി 400000/-രൂപ മേൽ ബിൽ പ്രകാരം മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു PRF 188/Dt 17.6.2019-നമ്പർ പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. ഇതിൽ 330780/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് മെഡിക്കൽ ഓഫീസർക്ക് ഓഡിറ്റ് അന്വേഷണം (നം.9/18-19 തീയതി 19.7.2021) നൽകിയതിന് 69220/-രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നാണ് അറിയിച്ചത്. മരുന്ന് ലഭ്യമാകുന്നതുവരെ 69220/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ഹോമിയോ ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിനു മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നം S00 95/20
അടങ്കൽ-300000/(മെയിന്റനൻസ് ഫണ്ട്- റോഡിതരം)

ചെലവ് -300000/-

ബിൽ നം -5/19-20 തീയതി 26.11.19

മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ ഹോമിയോ ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിനു മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ പ്രോജക്ടിൽ ഉൾപ്പെടുത്തി മേൽ ബിൽ പ്രകാരം 300000/-രൂപ PF 1095 Dt 16.11.2019 നമ്പർ പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം നാളിതുവരെ 178623/- രൂപയുടെ മരുന്നുകളാണ് ലഭിച്ചിട്ടുള്ളത്. 121377/- രൂപയുടെ മരുന്നുകൾ ലഭിച്ചതിന്റെ വിശദാംശം ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.7/19-20 തീയതി.19.7.2021) യിലൂടെ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മരുന്നു ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കുന്നതു വരെ 121377/- രൂപ തടസ്സപ്പെടുത്തുന്നു.

## <u>1-20 വാടകയിനത്തിലെ ചെലവ്</u>

കളവങ്കോടം സർവ്വീസ് സഹകരണ ബാങ്ക് നം.895 ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ 01.10.2010 മുതൽ 35631/-രൂപ പ്രതിമാസ വാടകയിലാണ് ഗവ.ഐ.ടി.ഐ. പ്രവർത്തിക്കുന്നത്. ഈ കാലയളവ് മുതൽ ഗ്രാമപഞ്ചായത്താണ് ഐ.ടി.ഐ.യുടെ വാടക നൽകി വരുന്നത്.

05.09.2012 ലെ 44353/എഫ്.എം.2/2012 ത.സ്വ.ഭ.വ നമ്പർ കത്തിൽ 'ഐ.റ്റി.ഐ. ഗ്രാമ പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനമല്ലെന്നും ആയതിനാൽ വാടക നൽകുന്നതിന് അനുവദനീയമല്ലെന്നും എന്നിരുന്നാലും ഗ്രാമ പഞ്ചായത്ത് വ്യാവസായിക പരിശീലന വകുപ്പുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന കാരണത്താൽ 31.03.2013 വരെയുള്ള വാടക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകാൻ പ്രത്യേകം അനുവാദം നൽകുന്നു. പ്രസ്തുത കാലയളവിനുള്ളിൽ വ്യാവസായിക പരിശീലന വകുപ്പ് കെട്ടിടം നിർമ്മിച്ചിരിക്കണം അല്ലെങ്കിൽ തുടർന്ന് വാടക വ്യാവസായിക പരിശീലന വകുപ്പ് നൽകേണ്ടതാണെന്നും നിർദ്ദേശം നൽകിയിരുന്നു. 13.04.15 ലെ 153572/എഫ്.എം. 2/2015 ത.സ്വ.ഭ.വ.കത്ത് പ്രകാരം തനത് ഫണ്ടിൽ നിന്ന് തുക നൽകുന്നതിന് 2015 മാർച്ച് 31 വരെ മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഗവ.ഐ.റ്റി.ഐ.യ്ക്കായി വ്യവസായ വകുപ്പിന് വിട്ടുകൊടുക്കുന്നതിന് സ.ഉ.(ആർ.ടി.)2758/2017/ ത.സ്വ.ഭ.വ. തീയതി. 08.08.2017 മുഖേന സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ കെട്ടിടം പണി ആരംഭിച്ചിട്ടില്ല. 2019-20 ലെ വാടക 10/2019/SRG/LSGD/29.8.19 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകാൻ ഉത്തരവായിട്ടുണ്ട്. ടി കത്തിൽ ഐ.റ്റി.ഐ. സ്വന്തമായി കെട്ടിടം നിർമ്മിക്കണമെന്ന മുൻ നിർദ്ദേശം പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയം പരാമർശിച്ചിരുന്നെങ്കിലും വ്യാവസായിക പരിശീലന വകുപ്പ് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടിയെടുത്തിട്ടില്ല. ഗവ. ഐ.റ്റി.ഐ. യ്ക്ക് വാടക നൽകൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപെടുന്നില്ല. പഞ്ചായത്ത് രാജ് നിയമം 172-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പും സംരക്ഷണവും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. തുടർനടപടികൾ കൈക്കൊള്ളുന്നതിന് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു. പ്രോജക്ടുകൾ പ്രകാരം ഗവ.ഐ.ടി.ഐ. യുടെ വാടകയിനത്തിൽ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച 7,83,882/-രൂപ യുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | അടങ്കൽ | ചെലവ് | വൗച്ചർ നം./ചെക്ക് നം. | കാലയളവ് |
|---|---|---|---|---|
| 103/19-20 | 4,27,572 | 4,27,572 | 21900775/28.11.19<br>59968/27.3.20 | 1.4.19-31.3.20 |
| 135/19-20 | 3,20,679 | 3,20,679 | 21900773/28.11.19 | 1.7.17-31.3.18 |
| 137/19-20 | 35,631 | 35,631 | 21900774/28.11.19 | 3/19 |

## <u>1-21 യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല</u>

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised As Per G.O.(P)No.13/2012/PWD Dated 01.02.2012) സെക്ഷൻ 2009.6 പ്രകാരം പ്രവർത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസിൽ നിഷ്കർഷിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ കരാറിലേർപ്പെട്ടിട്ടില്ലായെങ്കിൽ ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം എന്ന് പറഞ്ഞിരിക്കുന്നു. വയലാർ ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ വളവത്ത് ശാസ്താങ്കൽ റോഡ് ടാറിംഗ് എന്ന പദ്ധതിയുടെ കരാറുകാരൻ ശ്രീ.മനോജ് കുമാർ കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയിട്ടും കോൺട്രാക്ട് തുകയുടെ 1% പിഴ ഈടാക്കിയതായി കാണുന്നില്ല. ഈ പദ്ധതിയുടെ സെലക്ഷൻ നോട്ടീസ് (നം.1001/AE/LSGD/VLR തീ.17.12.2018) പ്രകാരം നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ എഗ്രിമെന്റിൽ ഏർപ്പെടേണ്ടതായിരുന്നു. ആയതിന് ശേഷം കരാർ തുകയുടെ 1% പിഴയോടു കൂടി കരാർ ഉടമ്പടി ഒപ്പു വയ്ക്കുന്നതിന് 10 ദിവസത്തേയ്ക്കു കൂടി സാവകാശം ലഭിക്കുന്നതാണെന്ന് സെലക്ഷൻ നോട്ടീസിൽ പറഞ്ഞിരിക്കുന്നു. എന്നാൽ 16.01.2019-ൽ എഗ്രിമെന്റിൽ (എഗ്രിമെന്റ് നം.26/AE/LSGD/VLR തീ.16.01.2019)

ഏർപ്പെട്ടിട്ടുള്ള ടിയാനിൽ നിന്നും എഗ്രീഡ് പി.എ.സിയുടെ 1% പിഴയായി ഈടാക്കിയതായി കാണുന്നില്ല. ഫൈൻ ഈടാക്കാതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് 4940/- രൂപ നഷ്ടപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1.പ്രോജക്ട് നം. | : | 107/2020 |
| പ്രോജക്ടിന്റെ പേര് | : | വളവത്ത് ശാസ്താങ്കൽ റോഡ് ടാറിംഗ് |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.മനോജ് കുമാർ |
| എഗ്രീഡ് പി.എ.സി | : | 493982/- രൂപ |
| ചെലവ് | : | 487815/- രൂപ<br>(ട്രഷറി ബിൽ നം.3/27.04.2019- 128929/-)<br>(ട്രഷറി ബിൽ നം.11/24.06.2019- 171071/- )<br>(ജില്ലാ പഞ്ചായത്ത് വിഹിതം നേരിട്ട്- 187815/- ) |
| എഗ്രിമെന്റ് നം. | : | 26/AE/LSGD/VLR തീ.16.01.2019 |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 493982x1% =4940/- രൂപ |

കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കി അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.5/19-20/ 15.07.2021) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഫൈൻ ഈടാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്- ക്ലബ്ബുകളുടെ ആവശ്യത്തിനും സാധ്യതയ്ക്കും അനുസരിച്ചുള്ള സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നല്കുന്നില്ല

പ്രോജക്ട് നം.29

പ്രോജക്ടിന്റെ പേര്: ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്

അടങ്കൽ -വികസന ഫണ്ട്: 60000/-രൂപ

ചെലവ്:- 60000/-രൂപ

നിർവഹണം:- ഹെഡ് മാസ്റ്റർ

തൻവർഷം ഈ പദ്ധതി പ്രകാരം വയലാർ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 15 ക്ലബ്ബുകൾക്ക് 4000/- രൂപയുടെ ഉപകരണങ്ങൾ വീതം വിതരണം ചെയ്തിട്ടുണ്ട്.

സർക്കാർ ഉത്തരവ് (കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.6.13(4) (5) പ്രകാരം ഓരോ ക്ലബ്ബുകൾക്കും അവരുടെ ആവശ്യത്തിനും സാധ്യതയ്ക്കും അനുസരിച്ചുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി അപേക്ഷയോടൊപ്പം വാങ്ങണമെന്നും ഇവ ക്രോഡീകരിച്ച് സാമ്പത്തിക പരിധിക്കും ഭരണ സമിതി തീരുമാനത്തിനും വിധേയമായി ഉപകരണങ്ങൾ വാങ്ങി നല്കണമെന്നും പറഞ്ഞിരിക്കുന്നു. എന്നാൽ ഉപകരണങ്ങൾ വിതരണം ചെയ്തതായി പറയുന്ന ക്ലബ്ബുകളിൽ നിന്നൊന്നും തന്നെ അവരുടെ ആവശ്യത്തിനും സാധ്യതയ്ക്കും അനുസരിച്ചുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ഒരു ലിസ്റ്റ് വാങ്ങിയതായി കാണുന്നില്ല. എല്ലാ ക്ലബ്ബുകൾക്കും ഫുട്ബോൾ, വോളിബോൾ, ഷട്ടിൽ ബാറ്റ്, ഷട്ടിൽ കോക്ക്, കാരം ബോർഡ് (രണ്ട് വലിപ്പത്തിലുള്ളവ ഓരോന്ന്) എന്നിവ ഓരോന്ന് വീതം വാങ്ങി വിതരണം ചെയ്യുകയാണുണ്ടായത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/19-20 തീയതി 15.07.2021) മറുപടി ലഭ്യമാക്കിയില്ല. ഓരോ ക്ലബ്ബുകൾക്കും അവരേർപ്പെടുന്ന കായിക വിനോദങ്ങളുമായി ബന്ധപ്പെട്ടതും അവർക്കാവശ്യമുള്ളതുമായ ഉപകരണങ്ങൾ വാങ്ങി നല്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം 2019-20-വികസന ഫണ്ടിൽ തുക ഉണ്ടായിരിക്കെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

2018-19 സാമ്പത്തിക വർഷം മുതൽ അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫല ഇനത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്ട് വച്ച് നല്കുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതു വിഭാഗത്തിൽ നിന്നും നിശ്ചിത ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് സർക്കാർ നിർദേശിച്ചിരുന്നു. ആയത് പ്രകാരം വയലാർ ഗ്രാമപഞ്ചായത്തിന് 2019-20 സാമ്പത്തിക വർഷം വികസന ഫണ്ട് പൊതു വിഭാഗത്തിൽ അലോക്കേറ്റ് ചെയ്ത തുകയിൽ നിന്നും അംഗൻവാടി ജീവനക്കാരുടെ 2019-20 വർഷങ്ങളിലെ പ്രതിഫല ഇനത്തിലെ പഞ്ചായത്ത് വിഹിതം 1138800/- രൂപ നിശ്ചിത ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കുന്നതിന് താഴെപ്പറയുന്ന ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നു.

| അലോട്ട്മെന്റ് ഉത്തരവ് നം. | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം 2019-20 |
|---|---|
| ജി.ഒ(ആർ.റ്റി) നം.2772/2019 ഫിൻ | 379600 |

| | |
|---|---|
| തീ.03.04.2019 | |
| ജി.ഒ(ആർ.റ്റി) നം.6105/2019 ഫിൻ തീ.01.08.2019 | 379600 |
| ജി.ഒ(ആർ.റ്റി) നം.10050/2019 ഫിൻ തീ.21.12.2019 | 379600 |
| ആകെ | 1138800 |

എന്നാൽ വയലാർ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിലുള്ള തുക (1138800/- രൂപ) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നമാണ് നല്കിയിരിക്കുന്നത് (പ്രോജക്ട് നം.173). വികസന ഫണ്ടിൽ തൻവർഷം ലഭ്യമായ തുകയിൽ 5463144/- രൂപ തൻവർഷം ചെലവഴിക്കാതെ ലാപ്സായി പോകുകയുണ്ടായി. അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിലുള്ള തുക വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നുവെങ്കിൽ തനത് വരുമാനം കുറവായ പഞ്ചായത്തിന്റെ അക്കൌണ്ടിൽ നീക്കിയിരിപ്പായി ശേഷിക്കുമായിരുന്നു . ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/2019-20 തീയതി 20.07.2021) ലൈഫ് ഭവന പദ്ധതിയ്ക്കും, ശുചിത്വ മാലിന്യ പദ്ധതികൾക്കും നിർബന്ധമായി വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തേണ്ടതിനാലും, സർക്കാർ മാർഗരേഖ പ്രകാരം വാലിഡേഷൻ ക്രമീകരിക്കേണ്ടതിനാലുമാണ് ഈ പദ്ധതിക്ക് വികസന ഫണ്ട് ചെലവഴിക്കാതെ തനത് ഫണ്ട് വകയിരുത്തി ചെലവഴിച്ചതെന്ന് മറുപടി നല്കി. ഭാവിയിൽ പഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ വിഭവ വിനിയോഗം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 അധികം തുക നൽകി

പ്രോജക്ട് നം -186/19-20 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ

വികസനഫണ്ട് (SCP) - 4,00,000/- നിർവ്വഹണോദ്യോഗസ്ഥൻ-അസി.സെക്രട്ടറി

ചെലവ് - 77,000/-

(28000/- ബിൽനം.13/19-20/30.1.20

14000/- -ടി- 18/19-20/28.2.20

28000/- -ടി- 24/19-20/19.3.20

7000/- -ടി- 25/19-20/19.3.20)

അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് ധനസഹായം നൽകുന്നതിനായി 77,000/-രൂപ , 11 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരുന്നു. ടി പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് എസ്റ്റിമേററ് പ്രകാരമുള്ള തുകയെക്കാൾ അധികം തുക നൽകി.

| ഗുണഭോക്താവിന്റെ പേര് | എസ്റ്റിമേറ്റ് പ്രകാരമുള്ള ചെലവായ തുക | അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക | അധികം നൽകിയ തുക |
|---|---|---|---|
| നാരായണി,കൊച്ചുതറ | 6,500 | 7,000 | 500 |
| സുശീല,മാടവനവീട്ടിൽ | 6,750 | 7,000 | 250 |
| കുഞ്ഞുമോൻ,നീതുഭവനം | 6,300 | 7,000 | 700 |
| അശോകൻ,പീടികത്തറ | 6,300 | 7,000 | 700 |
| ആകെ | | | 2,150 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.) മറുപടി ലഭ്യമാക്കാത്തതിനാൽ അധികം നൽകിയ തുക നിരാകരിക്കുന്നു. ടി തുക നിർവ്വഹണോദ്യോഗസ്ഥനായ

അസി.സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ട്

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 500000 | പാലിന് സബ്സിഡി | 500000 | 0 |
| | | 250000 | സ്കോളർഷിപ്പ് | 249025 | 975 |
| | | 60160 | ഗൃഹകേന്ദ്രീകൃത പരിചരണം | 60160 | 0 |
| | | 2641900 | ലൈഫ് മിഷൻ | 2172376 | 469524 |
| | | 2189710 | ലൈഫ് മിഷൻ (SC) | 2157606 | 32104 |
| | 2018-19 | 28334 | ലൈഫ് മിഷൻ (SC) | 28334 | 0 |
| | 2019-20 | 300000 | പുത്തൻതോട് | 0 | 300000 |
| | | 200000 | ശാസ്താംങ്കൽ റോഡ് | 187815 | 12185 |
| | | | | | |
| ജില്ല പഞ്ചായത്ത് | 2019-20 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| | | 249025 | സ്കോളർഷിപ്പ് | 249025 | 0 |
| | | 1960000 | ലൈഫ് മിഷൻ | 1960000 | 0 |
| | 2018-19 | 517174 | ലൈഫ് മിഷൻ | 517174 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്സ്.ഇ.ബി | Ward 11 മുണ്ടാംവെളി ചക്കംവെളി റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 29901417 Dt 17/01/2020 | 29127 | 29127 | 0 |
| കെ.എസ്സ്.ഇ.ബി | സ്ട്രീറ്റ് ലൈൻ | 21901042 | 93893 | 93893 | 0 |

| | | | | | |
|---|---|---|---|---|---|
| | സ്ഥാപിക്കൽ വാർഡ് 9 | Dtd 29.11.2019 | | | |
| കെ.എസ്സ്.ഇ.ബി | 176 അങ്കണവാടിയുടെ മുകളിലൂടെയുള്ള ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ | 21900776 Dtd 29.11.2019 | 22840 | 22840 | 0 |
| കെ.എസ്സ്.ഇ.ബി | വാർഡ് 1 - മനയിൽ കുരിശടി റോഡിലെ 2 പോസ്റ്റ് മാറ്റൽ | 21900746 Dtd 15.11.2019 | 13883 | 13883 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 9860000/-രൂപ വരവുണ്ട്. .

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ | സ.ഉ.(സാധാ.)നം4461/20/ഫിൻ/3.8.20 | 9860000 | 35509514 | 3235294 | | 42134220 |

.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 87275599 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 92180918 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,150 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9,85,390 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | | |

| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
|---|---|---|---|
| 3-1 | | 2,150 | പി.രാധാകൃഷ്ണകുറുപ്പ്,അസി.സെക്രട്ടറി |
| | ആകെ | 2,150 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 82,293<br>1,20,000<br>2,00,000 | സലിം.കെ.എച്ച്.സെക്രട്ടറി,<br>ശ്രീദേവി.കെ.ജി.സെക്രട്ടറി<br>-ടി- |
| 1-15 | 40,000 | രശ്മി.കെ.പിള്ള, വി.ഇ.ഓ.(ഒളതല) |
| 1-16 | 3,12,500 | ഡോ.ഹേമ ട്രീസ മാത്യു,വെറ്ററിനറി സർജൻ |
| 1-17 | 25,000<br>15,000 | രശ്മി.കെ.പിള്ള, വി.ഇ.ഓ.(ഒളതല)<br><br>ജോസഫ്.റ്റി.വി.വി.ഇ.ഓ.(വയലാർ) |
| 1-18 | 69,220 | ഡോ.പ്രസിമോൾ,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| 1-19 | 1,21,377 | ഡോ.ഉമാദേവി.വി.എൻ.മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| ആകെ | 9,85,390 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

## ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| സലിം.കെ.എച്ച്.സെക്രട്ടറി, | റിട്ടയേർഡ് | കുനംപറമ്പിൽ,കാർത്തികപ്പള്ളി,ഹരിപ്പാട് പി.ഓ.ചേർത്തല |
| പി.രാധാകൃഷ്ണകുറുപ്പ്,അസി.സെക്രട്ടറി | റിട്ടയേർഡ് | ചന്ദ്രംപറമ്പിൽ, കണിച്ചുകുളങ്ങര പി ഒ, ചേർത്തല |
| ശ്രീദേവി.കെ.ജി.സെക്രട്ടറി | സെക്രട്ടറി, ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | രാഘവീയം, നടുവത്ത് നഗർ പി ഒ, അരൂക്കുറ്റി, ചേർത്തല |
| ഡോ.ഹേമ ട്രീസ മാത്യു,വെറ്ററിനറി സർജൻ | വെറ്ററിനറി സർജ്ജൻ, മൃഗാശുപത്രി, വയലാർ ഗ്രാമപഞ്ചായത്ത് | ചാവടിയിൽ, കൊമ്മാടി പി ഒ, ആലപ്പുഴ |
| രശ്മി.കെ.പിള്ള, വി.ഇ.ഓ.(ഒളതല | വി.ഇ.ഒ., അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | കൃഷ്ണനിലയം പുന്നക്കാട്ടിൽ, ആശ്രമം രോഡ്, കാലടി, എറണാകുളം |
| ജോസഫ്.റ്റി.വി.വി.ഇ.ഓ.(വയലാർ) | വി.ഇ.ഒ., വയലാർ സർക്കിൾ, വയലാർ ഗ്രാമപഞ്ചായത്ത് | തയ്യിൽ ഹൌസ്, അർത്തുങ്കൽ പി ഒ, ചേർത്തല |

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ഡോ.പ്രസിമോൾ,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | ജൂനിയർ കൺസൾട്ടന്റ്, താലൂക്ക് ആശുപത്രി, വൈക്കം | പുന്നക്കൽ പറമ്പിൽ, തൈക്കൽ പി ഒ, ചേർത്തല |
| ഡോ.ഉമാദേവി.വി.എൻ.മെഡിക്കൽ ഓഫീസർ(ഹോമിയോ) | ആർ.എം.ഒ., ജില്ലാ ഹോമിയോ ആശുപത്രി, ആലപ്പുഴ | കാട്ടുങ്കൽ ഹൌസ്, വട്ടയാൽ, തിരുവമ്പാടി.പി.ഒ., ആലപ്പുഴ |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ.എഫ്.എ5-1832/2011/20.01.12 |
| 2001-02 | |
| 2002-03 | |
| 2003-04 | എൽ.എഫ്.എ5-1832/2011/19.01.12 |
| 2004-05 | |
| 2005-06 | |
| 2006-07 | എൽ.എഫ്.എ9-275/2010/31.01.11 |
| 2007-08 | എൽ.എഫ്.എ.പി.4-605/2011/28.11.11/3.12.11 |
| 2008-09 | എൽ.എഫ്.എ.പി.4-606/2011/30.11.11/3.12.11 |
| 2009-10 | എൽ.എഫ്.എ.പി.8-503/2012/17.07.12/10.08.12 |
| 2010-11,<br>2011-12 | എൽ.എഫ്.എ.പി.8-112/2013/8.04.13/25.06.13 |
| 2012-13 | എൽ.എഫ്.എ.പി.8-996/2014/26.06.14/08.12.14 |
| 2013-14 | എൽ.എഫ്.എ.പി.ഇസഡ്-പി8-1071/2015/04.09.15/5.10.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി.2-774/2016/11.07.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി2-1460/16/14.12.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി2-1173/2017/18.09.2017 |
| 2017-18 | നം.കെ.എസ്.എ/എ.എൽ.പി/പി2-1620/2018/12-12-18 |
| 2018-19 | നം.കെ.എസ്.എ/എ.എൽ.പി/പി2-399/2020/11.6.20 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്